"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതി - പട്ടം - മെഡിക്കൽ കോളേജ് - ഉള്ളൂർ - കൊച്ചുള്ളൂർ - റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് പൊന്നുംവില നിയമം സെക്ഷൻ 28 (എ) പ്രകാരമുള്ള തുക ശ്രീ. എം. സുധാകരൻ, ശ്രീ. എം. രവി & ശ്രീ. സുരേന്ദ്രൻ എന്നിവർക്ക് റിലീസ് ചെയ്യുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.57/2025/LSGD തീയതി,തിരുവനന്തപുരം, 06-01-2025**

---

പരാമർശം:-
1. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 23/12/2023 തീയതിയിലെ എസ്1/909/2021/ടിഡ(1) നമ്പർ കത്ത്.
2. സ.ഉ.(സാധാ) നം. 1882/2024/ത.സ്വ.ഭ.വ, തീയതി, 09/10/2024.
3. സ.ഉ.(സാധാ) നം. 8802/2024/ധന, തീയതി, 28/11/2024.

**<u>ഉത്തരവ്</u>**

തലസ്ഥാന നഗരവികസന പദ്ധതിയുടെ ഭാഗമായ പട്ടം-മെഡിക്കൽ കോളേജ് - ഉള്ളൂർ - കൊച്ചുള്ളൂർ റോഡ് വികസനത്തിനായി എൽ.എ.സി 377/06 പ്രകാരം വസ്തു ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് മുൻ ഉടമകളായ ശ്രീ. എം. സുധാകരൻ, ശ്രീ. എം. രവി, ശ്രീ. എം.സുരേന്ദ്രൻ എന്നിവർ പൊന്നുംവില നിയമം സെക്ഷൻ 28 (എ) പ്രകാരം സമർപ്പിച്ച അപേക്ഷ പരിശോധിച്ച് തിരുവനന്തപുരം ജില്ലാ കളക്ടർ പാസ്സാക്കിയ അവാർഡ് തുകയായ 1,83,213/- രൂപ (ഒരു ലക്ഷത്തി എൺപത്തിമൂവായിരത്തി ഇരുന്നൂറ്റിപതിമൂന്ന് രൂപ മാത്രം) കക്ഷികൾക്ക് അനുവദിക്കണമെന്ന് പരാമർശം (1) പ്രകാരം തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

2) ശ്രീ. എം. സുധാകരൻ, ശ്രീ. എം. രവി, ശ്രീ. എം.സുരേന്ദ്രൻ എന്നിവർ പൊന്നുംവില നിയമം സെക്ഷൻ 28 (എ) പ്രകാരം സമർപ്പിച്ച അപേക്ഷ പരിശോധിച്ച് തിരുവനന്തപുരം ജില്ലാ കളക്ടർ പാസ്സാക്കിയ അവാർഡ് തുകയായ 1,83,213/- രൂപ (ഒരു ലക്ഷത്തി എൺപത്തിമൂവായിരത്തി ഇരുന്നൂറ്റിപതിമൂന്ന് രൂപ മാത്രം) കക്ഷികൾക്ക് അനുവദിക്കുന്നതിന് പരാമർശം (2) പ്രകാരം ഭരണാനുമതി നൽകി ഉത്തരവാകുകയും പരാമർശം (3) പ്രകാരം 4217-60-800-93-Payment of Compensation in LAR Cases (Plan Charged) എന്ന ശീർഷകത്തിൽ 1,84,000/- രൂപ അധികധനാനുമതിയായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

3) മേൽ പ്രകാരമുള്ള ഭരണാനുമതി ഉത്തരവിന്റെയും അധിക ധനാനുമതിയുടെയും അടിസ്ഥാനത്തിൽ പട്ടം-മെഡിക്കൽ കോളേജ് - ഉള്ളൂർ - കൊച്ചുള്ളൂർ റോഡ് വികസനത്തിനായി

തിരുവനന്തപുരം താലൂക്കിൽ പട്ടം വില്ലേജിൽ സർവ്വേ നം. 57/A2 (L.A. Sy. No. 1/190)-ൽപ്പെട്ട 00.02 ആർ വസ്തു ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് പൊന്നുംവില നിയമം സെക്ഷൻ 28 (എ) പ്രകാരം തിരുവനന്തപുരം ജില്ലാ കളക്ടർ പാസ്സാക്കിയ അവാർഡ് തുകയായ 1,83,213/- രൂപ (ഒരു ലക്ഷത്തി എൺപത്തിമൂവായിരത്തി ഇരുന്നൂറ്റിപതിമൂന്ന് രൂപ മാത്രം) 4217-60-800-93 Payment of Compensation in LAR Cases (Plan - Charged) എന്ന ശീഷകത്തിൽ നിന്നും ശ്രീ. എം. സുധാകരൻ, ശ്രീ. എം. രവി, ശ്രീ. എം. സുരേന്ദ്രൻ (S/o മാധവൻ, വാവറക്കോണത്ത്, കടയിൽവീട്, ഉള്ളൂർ, മെഡിക്കൽകോളേജ് പി.ഒ., തിരുവനന്തപുരം) എന്നീ കക്ഷികൾക്ക് റിലീസ് ചെയ്യുന്നതിന് തിരുവനന്തപുരം ജില്ലാ കളക്ടർക്ക് അനുവദിക്കുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു. നിലവിലെ സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുമ്പ് മേൽപ്പറഞ്ഞ അധിക ചെലവ് ക്രമപ്പെടുത്തുന്നതിനുള്ള ഉപധനാഭ്യർത്ഥന ശിപാർശ യഥാസമയം ലഭ്യമാക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

JAYAKUMARI P

**ജോയിന്റ് സെക്രട്ടറി**

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
ജില്ലാ കളക്ടർ, തിരുവനന്തപുരം.
സെക്രട്ടറി,തിരുവനന്തപുരം വികസന അതോറിറ്റി.
ശ്രീ. എം. സുധാകരൻ, S/o മാധവൻ, വാവറക്കോണത്ത്, കടയിൽവീട്, ഉള്ളൂർ, മെഡിക്കൽകോളേജ് പി.ഒ., തിരുവനന്തപുരം (ജില്ലാ കളക്ടർ, തിരുവനന്തപുരം മുഖാന്തിരം).
ശ്രീ. എം. രവി, S/o മാധവൻ, വാവറക്കോണത്ത്, കടയിൽവീട്, ഉള്ളൂർ, മെഡിക്കൽകോളേജ് പി.ഒ., തിരുവനന്തപുരം (ജില്ലാ കളക്ടർ, തിരുവനന്തപുരം മുഖാന്തിരം).
ശ്രീ. എം. സുരേന്ദ്രൻ, S/o മാധവൻ, വാവറക്കോണത്ത്, കടയിൽവീട്, ഉള്ളൂർ, മെഡിക്കൽകോളേജ് പി.ഒ., തിരുവനന്തപുരം (ജില്ലാ കളക്ടർ, തിരുവനന്തപുരം മുഖാന്തിരം).
സ്പെഷ്യൽ ഓഫീസർ. സി.ആർ.ഡി.പി., തിരുവനന്തപുരം.
ഡെപ്യൂട്ടി കളക്ടർ (എൽ.എ), തിരുവനന്തപുരം.
ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, കുടപ്പനക്കുന്ന്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (No.WCD-3/225/2024-Fin dated 30/12/2024).
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,
ഐ & പി. ആർ. ഡി. (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ആർ.ഇ1/149/2024/തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signed by
Biju. B
Date: 06-01-2025 18:40:56

സെക്ഷൻ ഓഫീസർ